പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1125 — 11.7.2011-ൽ മറുപടിയ്ക്ക്

"കർഷകരെ ബാങ്ക് വായ്പയിൽ നിന്ന് രക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടി"

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ഏജൻസികൾ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില നൽകാനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് സബ്സിഡിയിനത്തിൽ നൽകേണ്ടിയിരുന്ന കുടിശ്ശിക തുകയിൽ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പലിശരഹിത വായ്പയെടുത്ത കർഷകർക്ക് നെല്ലിന്റെ വില കിട്ടാത്തതുകൊണ്ട് വായ്പ തിരിച്ചടയ്ക്കാൻ പറ്റാതെ വന്നതുമൂലം പലിശരഹിത വായ്പയിൽ നിന്നും മാറ്റി പലിശയും കൂട്ടുപലിശയുമുള്ള വായ്പയാക്കി മാറ്റി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി-യും സി-യും) ഉണ്ട്. നെൽകർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി 2010-2011 സാമ്പത്തിക വർഷം മുതൽ ജില്ലാ സഹകരണ ബാങ്കുകൾ വഴിയാണ് നൽകിവരുന്നത്. |
| സി) എങ്കിൽ കർഷകരെ ബാങ്ക് വായ്പയിൽ നിന്ന് രക്ഷപ്പെടുത്താൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.